# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി. ആർ. **70/2026**

തിരുവനന്തപുരം, തീയതി: **04/04/2026**

## പത്രക്കുറിപ്പ്

## പരീക്ഷ റദ്ദ് ചെയ്തു

കേരളസർവകലാശാല മാരാരിക്കുളം ശോഭാ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ 2026 മാർച്ച് 30 ന് നടത്തിയ നാലാം സെമസ്റ്റർ ബിഎഡ് ഡിഗ്രി ഓൺലൈൻ ഒന്നാം സെഷൻ (രാവിലെ 09.30 മുതൽ 10.45 വരെ നടന്ന) പരീക്ഷ മാത്രം റദ്ദ് ചെയ്തിരിക്കുന്നു. പ്രസ്തുത വിദ്യാർത്ഥികൾക്കായുള്ള പുനഃപരീക്ഷ 2026 ഏപ്രിൽ 07 (ചൊവ്വ) ന് നടത്തുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ജൂണിലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ എംഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (1999 സ്കീം) പ്രീവിയസ് ഇയർ മേഴ്സിചാൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അപേക്ഷിക്കാം

നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടെയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും (2022 അഡ്മിഷൻ) കൂടാതെ പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും (2020 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും, പരീക്ഷ വിജയിക്കാൻ സാധിക്കാത്ത ഇന്റേണൽ മാർക്ക് പത്തിൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടക്കേണ്ടതാണ്. ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (KUF) അടക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷ ഫാറം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2026 മെയ് 4 നോ അതിനു മുമ്പോ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫാറവും മറ്റു വിശദവിവരവും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ് നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർ വിദ്യാഭ്യാസവ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി (PGDCP), സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (CLISc) എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: PGDCP:

ഏതെങ്കിലും വിഷയത്തിൽ ബിരുദം, CLISc: പ്ലസ്ടു (ഹയർ സെക്കന്ററി) പാസായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9495157428.

## <u>സ്പോട്ട് അഡ്മിഷൻ</u>

കേരളസർവകലാശാല ഹിന്ദി പഠന വകുപ്പിൽ പിജി ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഡ്രാഫ്റ്റിംഗ് ആന്റ് റിപ്പോർട്ടിംഗ് ഇൻ ഹിന്ദി എന്നീ കോഴ്സുകളിൽ പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് (SC - 2, ST - 1) 2026 ഏപ്രിൽ 06 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുമായി അന്നേ ദിവസം രാവിലെ 10 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലുള്ള ഹിന്ദി പഠന വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 9446291350, 0471-2308649, ഇ-മെയിൽ : hindi@keralauniversity.ac.in.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in